## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.508 25.10.2016 - ലെ മറുപടിക്ക്

ചോദ്യം ഉത്തരം

ശ്രീ. പി. കെ. ശശി
ശ്രീ. കെ.വി. അബ്ദുൾ ഖാദർ
ശ്രീ. ജോർജ് എം. തോമസ്
ശ്രീ. ഐ.ബി. സതീഷ്

ഡോ. ടി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

### സാമ്പത്തിക ഭരണ നിർവ്വഹണത്തിലെ വീഴ്ച

| | | |
|---|---|---|
| (എ) | മുൻ സർക്കാരിന്റെ സാമ്പത്തിക ഭരണ നിർവ്വഹണത്തിലെ വീഴ്ച മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | മുൻ സർക്കാരിന്റെ സാമ്പത്തിക അച്ചടക്കമില്ലായ്മയും കെടുകാര്യസ്ഥതയും നിമിത്തം സാമ്പത്തിക സ്ഥിതി താറുമാറായിരുന്ന ഘട്ടത്തിലാണ് ഈ സർക്കാർ അധികാരം ഏറ്റെടുത്തത്. അതിഗുരുതരമായ മേൽ സാമ്പത്തിക പ്രതിസന്ധിയുടെ വ്യാപ്തി കുറയ്ക്കാൻ തന്നെ വർഷങ്ങൾ വേണ്ടി വരുന്ന സാഹചര്യമാണുള്ളത്. വായ്പയെടുക്കുന്ന തുക നിത്യനിദാന ചെലവുകൾക്ക് വിനിയോഗിക്കേണ്ട അവസ്ഥയുള്ളതിനാൽ നിർമ്മാണ പ്രവർത്തികൾ അടക്കമുള്ള മൂലധന ചെലവുകൾക്ക് പണം കണ്ടെത്തുവാൻ സർക്കാർ ബുദ്ധിമുട്ടുകയാണ്. പ്രസ്തുത സാമ്പത്തിക പ്രതിസന്ധി മൂലം പല വികസന പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്ന വേഗത്തിൽ പൂർത്തീകരിക്കുന്നതിനും വിഷമം നേരിടുന്നുണ്ട്.<br>അധിക വിഭവ സമാഹരണത്തിലൂടെയും അനാവശ്യ ചെലവ് നിയന്ത്രിച്ചതിലൂടെയും നികുതി പിരിവ് ഊർജ്ജിതമാക്കിയും അടിയന്തിര പ്രാധാന്യമുള്ള വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. മൂലധന ചെലവിനായി വിപണിയിൽ നിന്നും ഫണ്ട് സ്വരൂപിക്കുന്നതിനും നിലവിലെ സാമ്പത്തിക മാന്ദ്യം അതിജീവിക്കുന്നതിനായി 12,000/- കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പിലാക്കുവാനും ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1999 ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചു കൊണ്ട് സെബിയും ആർ.ബി.ഐയും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കുന്നതിനും ട്രഷറി ശൃംഖലയ്ക്ക് കോർ ബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കുവാനുമുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | നിലവിൽ കുടിശ്ശികയുള്ള നികുതി സമാഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | കുടിശ്ശിക നികുതി സമാഹരിക്കുന്നതിനും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും നികുതി വകുപ്പിലും നികുതി വരുമാനവുമായി ബന്ധപ്പെട്ട മറ്റു വകുപ്പുകളിലും സ്വീകരിച്ചതും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു:<br>I.വാണിജ്യ നികുതി വകുപ്പ്.<br>1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.<br>2. ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനും കംപ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ് ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായുള്ള നിയമനിർമ്മാണം നടത്താനും ഉദ്ദേശിക്കുന്നു.<br>3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ട് വരുന്നതിനുള്ള നടപടികൾ സ്വീകരിക്കും.<br>4. ചെക്ക് പോസ്റ്റുകളെ ആധുനിക ഡാറ്റാ കളക്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റും.<br>5. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.<br>6. റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കും.<br>7. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.<br>8. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br>II.രജിസ്ട്രേഷൻ വകുപ്പ്.<br>രജിസ്ട്രേഷൻ വകുപ്പിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി 1986 മുതൽ 2010 വരെയുള്ള അണ്ടർ വാല്യുവേഷൻ കേസുകളുടെ അദാലത്ത് നടത്തുവാൻ നിശ്ചയിച്ചു. വിലയാധാരങ്ങളുടെയും കുടുംബാധാരങ്ങളുടെയും നികുതി വർദ്ധിപ്പിച്ചു.<br>III.ലാന്റ് റവന്യൂ വകുപ്പ്.<br>ലാന്റ് റവന്യൂ വകുപ്പിൽ കെട്ടിട നികുതി, ആഡംബര നികുതി, സർക്കാർ കുടിശ്ശികയുള്ള റവന്യൂ റിക്കവറി എന്നീ ഇനങ്ങളിലെ പിരിവ് പുരോഗതി വിലയിരുത്തുന്നതിനും, നിർദ്ദേശങ്ങൾ നൽകുന്നതിനും താലൂക്ക് അടിസ്ഥാനത്തിൽ ഡെപ്യൂട്ടി കളക്ടർമാർക്ക് ചാർജ്ജ് നൽകുന്നതിനും ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് വാങ്ങി പരിശോധിച്ച് വീഴ്ച വരുത്തിയ താലൂക്ക് തഹസിൽദാർ, വില്ലേജ് ഓഫീസർമാർ, റവന്യൂ റിക്കവറി തഹസിൽദാർ എന്നിവരുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലകളിൽ നടത്തുന്ന അവലോകന യോഗങ്ങളിൽ, മേൽ വിഷയങ്ങൾ സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ കൂടി ഉൾപ്പെടുത്തുന്നതിനും സ്റ്റേ നീക്കം ചെയ്യുന്ന വിഷയത്തിൽ ലോ ഓഫീസറുടെ സേവനം കൂടി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലാന്റ് |
| (സി) | നികുതി കാര്യക്ഷമമായി പിരിച്ചെടുക്കാൻ സാധിക്കും വിധം നികുതി വകുപ്പിനെ ശാക്തീകരിക്കാൻ നടപടി സ്വീകരിക്കുമോ? | |

| | | |
|---|---|---|
| | | റവന്യൂ ഇനങ്ങളായ കെട്ടിട നികുതി, ആഡംബര നികുതി എന്നീ ഇനങ്ങളിൽ അധിക വിഭവ സമാഹരണം നടത്തുന്നതിനായി 01.08.2016 മുതൽ താലൂക്ക് – ജില്ലാ തലത്തിൽ ഒരു സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുണ്ട്.<br><u>IV.എക്സൈസ് വകുപ്പ്.</u><br>എക്സൈസ് വകുപ്പിൽ നികുതി ചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉത്പാദനം, വിതരണം, വിപണനം ഇവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് നടത്തി വരുന്നത്. കൂടാതെ അന്യ സംസ്ഥാനങ്ങളിൽ നിന്നും വ്യാജ മദ്യങ്ങൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ട് വരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റ്കളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്.<br><u>V.മോട്ടോർ വാഹന വകുപ്പ്</u><br>മോട്ടോർ വാഹന വകുപ്പിൽ റവന്യൂ റിക്കവറി നടപടികൾ എടുക്കുക, നികുതി അടയ്ക്കാതെ റോഡിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കുക തുടങ്ങിയ ജോലികൾ ചെയ്തുവരുന്നതിനാൽ റിക്കവറി നടപടികൾ ഉയർത്താൻ സാധിച്ചിട്ടുണ്ട്. കൂടാതെ അധിക വിഭവ സമാഹരണം ലക്ഷ്യമിട്ട് എൻഫോഴ്സ്മെന്റ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശവും എല്ലാ ഓഫീസുകൾക്കും നൽകിയിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ